**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളോത്സവം 2012 - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. 2673/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 24.09.2012.

---

പരാമർശം:- 1) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 04.07.2012-ലെ കത്ത് നമ്പർ പി2-1123/12/ വൈ.ഡബ്ല്യു.ബി.

## ഉത്തരവ്

കേരള സംസ്ഥാനത്തെ യുവജനങ്ങളുടെ കലാ-കായിക-സാഹിത്യ ശേഷികൾ പരിപോഷിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തുന്ന ബൃഹത് പദ്ധതിയാണ് "കേരളോത്സവം". എന്നാൽ പ്രസ്തുത മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് യുവജനക്ഷേമ ബോർഡ് അനുവദിച്ച് നൽകുന്ന ഗ്രാന്റ് തുക അപര്യാപ്തമാകയാൽ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി / കോർപ്പറേഷൻതലങ്ങളിൽ ഈ മാത്സരങ്ങൾ സമുചിതമായി സംഘടിപ്പിക്കുന്നതിനായി എല്ലാ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഇതിലേയ്ക്ക് നിശ്ചിത തുക വിനിയോഗിക്കുന്നതിന് സർക്കാർ യഥേഷ്ടാനുമതി നൽകാറുണ്ടെന്നും ഈ ഉത്തരവുകൾക്ക് സമാനമായി, കാലോചിതമായി തുകയിൽ മാറ്റം വരുത്തിക്കൊണ്ട് ഈ വർഷവും ബ്ലോക്ക് - ജില്ലാ - സംസ്ഥാന കേരളോത്സവങ്ങളുടെ സംഘാടനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാൻ യഥേഷ്ടാനുമതി നൽകണമെന്നാണ് പരാമർശം ഒന്നിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012-ലെ കേരളോത്സവത്തിന്റെ ഓരോ തലത്തിലുമുള്ള സംഘാടനത്തിന് ആ തലം വരെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോന്നിനും അവരുടെ കൗൺസിൽ / കമ്മിറ്റി തീരുമാനത്തിനു വിധേയമായി ഈ വർഷം തനത് / പ്ലാൻ ഫണ്ടിൽ ചെലവാക്കാവുന്ന പരമാവധി തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തലം | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകാവുന്ന വിഹിതം (രൂപ) | | | | |
|---|---|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | നഗരസഭ | കോർപ്പറേഷൻ | ജില്ലാ പഞ്ചായത്ത് |
| ഗ്രാമ പഞ്ചായത്ത് | 5,000 | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2,000 | 20,000 | | | |
| നഗരസഭ | -- | | 15,000 | | |
| കോർപ്പറേഷൻ | -- | | | 20,000 | |
| ജില്ലാ പഞ്ചായത്ത് | 2,000 | 5,000 | 10,000 | 5,000 | 2,00,000 |
| സംസ്ഥാനതലം സംഘടിപ്പിക്കപ്പെടുന്ന ജില്ലയിലെ | 1,000 | 5,000 | 5,000 | 5,000 | 8,00,000 |
| **ആകെ** | **10,000** | **30,000** | **30,000** | **30,000** | **10,00,000** |

പ്രസ്തുത ചെലവിന് യഥേഷ്ട അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമബോർഡ്, തിരുവനന്തപുരം 695001.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.
} ബന്ധപ്പെട്ട എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പകർപ്പ് നൽകേണ്ടതാണ്.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പ്.
ധനകാര്യ (എസ്.എഫ്.സി) വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.